കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ന്യൂമാഹി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം,
## കണ്ണൂർ.

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ/സി.7/90/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 29.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ന്യൂമാഹി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ന്യൂമാഹി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-19, 1-20, 1-33 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ/സി.7/90/2020 തിയതി: 29.02.2020

# <u>കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 04.02.2019 മുതൽ 05.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-01-2020 മുതൽ 17-01-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേശൻ.പി.വി | ഓഡിറ്റ് ഓഫിസർ |
| | ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.വി.ചന്ദ്രദാസൻ | 1-4-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.സതീഷ് ബാബു.പി.കെ | 1-4-2018 മുതൽ 31-03-2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സന്തോഷ് പി | 01-04-2018മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജിനി ജേക്കബ് | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. | ശ്രീ.ഷാജി പി കെ | 01-04-2018മുതൽ 03-11-2018 വരെ |
| | ശ്രീമതി.സോഫിയ.വി.പി | 04-11-2018മുതൽ 09-12-2018 വരെ |
| | ശ്രീമതി.ബിഷ ടി.പി | 10-12-2018മുതൽ 05-01-2019 വരെ |
| | ശ്രീ.മധുസൂദനൻ പി | 06-01-2019മുതൽ 29-1-2019 വരെ |
| | ശ്രീമതി.രസിത കെ.എം | 30-1-2019മുതൽ 31-03-2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.അനീഷ് കുമാർ എ | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(PHC ) | ശ്രീ.സജിത് പ്രസാദ് | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീ.സന്തോഷ് കുമാർ ടി വി | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. എസ്. രാജശ്രീ | 01-04-2018മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ.സുജയ് മോഹൻ ദാസ് | 01-04-2018മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷ വി പി | 01-04-2018മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.അനിത | 01-04-2018മുതൽ 01-06-2018 വരെ |
| | ശ്രീമതി.വനജ.പി | 02-06-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സവിത എം | 01-04-2018മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി അപാകങ്ങൾ | 1-12 |
| 13 | വസ്തുനികുതി അപാകങ്ങൾ | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 1-14 |
| 15 | എഫ്.ടി ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ | 1-15 |
| 16 | കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 17 | വാടക അപാകങ്ങൾ | 1-17 |
| | | |

| | | |
|---|---|---|
| 18 | വയോജനങ്ങൾക്ക് കട്ടിൽ - നിർവ്വഹണത്തിലെ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ഹാജരാക്കില്ല - 48,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ പ്രോജക്ട് നടപ്പാക്കി - 52,083 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളെ നിർണയിച്ചതിൽ അപാകങ്ങൾ | 1-20 |
| 21 | വാൾ പെയ്ന്റിംഗ് - നടപടിക്രമങ്ങൾ പാലിച്ചില്ല - 20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 22 | നിർഭയ പ്രോജക്ട് - നടത്തിപ്പിലെ അപാകങ്ങൾ | 1-22 |
| 23 | വായനാ കോർണർ - ആനുകാലികങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല | 1-23 |
| 24 | ടെണ്ടർ കുറവ് - തുക കുറവ് ചെയ്തില്ല - 692/-രൂപ തിരിച്ചടക്കേണ്ടതാണ് | 1-24 |
| 25 | പാലിന് സബ്സിഡി - അപാകങ്ങൾ | 1-25 |
| 26 | മുട്ടക്കോഴിയും കൂടും - ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-26 |
| 27 | തെരുവ് വിളക്ക് മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും - അപാകങ്ങൾ | 1-27 |
| 28 | എ എം സി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-28 |
| 29 | സ്റ്റോക്ക് രജിസ്റ്ററിൽ വിതരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-29 |
| 30 | ശുചിത്വമിഷൻ ഫണ്ട്- വിനിയോഗ സാക്ഷ്യപത്രം ,ചെലവ് രേഖകൾ എന്നിവയുടെ അഭാവത്തിൽ 10000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | പാർട്ട് ടൈം തസ്തികയിൽ നിയമനം- സർക്കാർ അനുമതി ലഭിച്ചിട്ടില്ല. | 1-31 |
| 32 | ശമ്പള കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ | 1-32 |
| 33 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകുന്നു. | 1-33 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | | |

| | | |
|---|---|---|
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 47 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 48 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

24.03.2018തീയതിയിലെ 52/18 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 18.02.2019 തീയതിയിലെ 30/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തെ ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14942536 |
| വരവ് | 67188812 |
| ആകെ | 82131348 |
| ചെലവ് | 71439415 |
| നീക്കിയിരിപ്പ് | 10691933 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.05.2019 | തിരിച്ചയച്ചിട്ടില്ല | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8741022 |
| വരവ് | 43319966 |
| ആകെ | 52060988 |
| ചെലവ് | 34542486 |
| നീക്കിയിരിപ്പ് | 17518502 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8707956 | 8707956 | 8188938 | 519018 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 481000 | 481000 | 406000 | 75000 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 104000 | 104000 | 0 | 104000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1943000 | 1943000 | 1867698 | 75302 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 1700901 | 1079099 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4044000 | 4044000 | 3559878 | 484122 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 4930222 | 4930222 | 4930222 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1115 | 284079 | 285194 | 282750 | 2444 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 376257 | 318825 | 695082 | 29527 | 399855 |
| ടി.എസ്.സി | | 950 | 213000 | 213950 | 0 | 213950 |
| എം.പി.ഫണ്ട് | | 2238 | 79 | 2317 | 0 | 2317 |
| ശുചിത്വ മിഷൻ | | 1000000 | 130000 | 1130000 | 130000 | 1000000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 119300 | 2005916 | 2125216 | 1653895 | 471321 |
| | ജില്ലാ പഞ്ചായത്ത് | 98450 | 562090 | 660540 | 541907 | 118633 |
| ബി ഫണ്ട് | | 0 | 129840 | 129840 | 129840 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 9607262 | 14097702 | 23704964 | 7845834 | 15859130 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 6690532/-രൂപ ലഭിച്ചിട്ടുണ്ട്.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 35039777 | 99 | 22388985 | 22 | 27 | 78 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 14 | 4224644 | 2454999 | 58.11 |
| കൃഷി ഓഫീസർ | 12 | 12 | 1297712 | 1191715 | 91.83 |
| വെറ്റിനറി സർജൻ | 5 | 5 | 951920 | 943641 | 99.13 |
| വി.ഇ.ഒ | 10 | 7 | 8170806 | 5236228 | 64.08 |
| അസി.എഞ്ചിനിയർ | 46 | 31 | 14333100 | 7006889 | 48.89 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 1641900 | 1542547 | 93.95 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 8 | 8 | 1426000 | 1270111 | 89.07 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 3 | 2 | 226000 | 189600 | 83.89 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 125000 | 125000 | 100 |
| ഹെഡ് മാസ്റ്റർ | 6 | 5 | 1250721 | 1146981 | 91.71 |
| അസി.സെക്രട്ടറി | 5 | 4 | 301974 | 284174 | 94.11 |
| ഫിഷറീസ് ഇൻസ്പെക്ടർ | 3 | 3 | 1090000 | 997100 | 91.48 |
| ആകെ | 126 | 99 | 35039777 | 22388985 | 63.90 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 9356044 | 8195982 | 87.60 |
| എസ്.സി.പി | 481000 | 406000 | 84.41 |
| ടി.എസ്.പി | 104000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6135749 | 3559878 | 58.02 |
| ലോകബാങ്ക് ധനസഹായം | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 1528750 | 295227 | 19.31 |
| സംസ്ഥാനാവിഷ്കൃതം | 2000000 | 0 | 0 |
| തനത് ഫണ്ട് | 3665118 | 1991949 | 54.35 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2105916 | 1653895 | 78.54 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 562090 | 541907 | 96.41 |
| സംരക്ഷണഗ്രാന്റ് റോഡ് | 2965000 | 1867698 | 62.99 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3190000 | 1700901 | 53.32 |
| മറ്റുള്ളവ | 2946110 | 2175548 | 73.84 |
| ആകെ | 35039777 | 22388985 | 63.90 |

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം അനുവദിക്കപ്പെട്ട ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ പാഴായത് 23.36ലക്ഷം രൂപയാണ്.ഇതിൽ 16.44ലക്ഷം രൂപ മാർച്ച് അവസാന വാരം ട്രഷറിയിൽ ബില്ല് സമർപ്പിച്ച ക്യൂബില്ലിൽ ഉൾപ്പെട്ട തുകയാണ് .ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ക്യൂബില്ലിൽ ഉൾപ്പെട്ട തുക | ചെലവാകാത്ത തുക | നഷ്ടമായ മൊത്തം തുക |
|---|---|---|---|
| വികസനഫണ്ട് | 20047 | 498971 | 519018 |
| എസ്.സി.പി | 75000 | 0 | 75000 |

| | | | |
|---|---|---|---|
| ടി.എസ്.പി | 0 | 104000 | 104000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 484122 | 0 | 484122 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 990087 | 89012 | 1079099 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 75302 | 0 | 75302 |
| ആകെ | 1644558 | 691983 | 2336541 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്.ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017 ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലയെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു.മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ പരിപാലനം കുറ്റമറ്റരീതിയിലാവേണ്ടതുണ്ട് .

വിവിധ പദ്ധതികളുടെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി സർക്കാർ നിശ്ചയിച്ച രീതിയിൽതന്നെ നിർബന്ധമായും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതുണ്ട്.മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായവരെ ഉൾപ്പെടുത്തിവേണം കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഹാജരാക്കിയ ഗ്രാമസഭമിനിട്സിലോ, അപേക്ഷ ഫോറങ്ങളിലോ ,തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിലോ മാർക്ക് നൽകിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് ആധികാരികമോ സമഗ്രമോ അല്ല. ലിസ്റ്റ് തയ്യാറാക്കിയത് ഭാഗികമായിട്ടാണ്. ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ സുതാര്യത

ഉറപ്പുവരുത്തുന്ന രീതിയിൽ രേഖകൾ സൂക്ഷിക്കേണ്ട വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽക്കൊണ്ടുവരുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1115 | 284079 | 285194 | 282750 | 2444 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4930222 | 4930222 | 4930222 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9840 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 319600 | 24 |
| വിധവാപെൻഷൻ | 6799600 | 561 |
| വാർദ്ധക്യകാലപെൻഷൻ | 17245000 | 1319 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2051500 | 164 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 120000 | 105 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2237/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ

തൃപ്തികരമാണ്.ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്.ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി,ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്.എന്നാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി വിലയിരുത്തപ്പെടുന്നില്ല.അതുപോലെ യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് മിനിട്സിൽ എഴുതിച്ചേർക്കുന്നില്ല.ഈ ന്യൂനതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്.സമഗ്രമായ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ചുനൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.വസ്തുനികുതിയുടെ 100% പിരിവ് ഉറപ്പുവരുത്തുന്നതിന് കമ്മിറ്റി നികുതി പിരിവ് അവലോകനം മിക്കവാറും എല്ലാ മാസങ്ങളിലും നടത്തിയിട്ടുണ്ട്.മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇതിനകം ലഭിച്ചിട്ടുണ്ട്.ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ലരീതിയിൽ നടന്നുവരുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്.ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ,ഫ്രണ്ട് ഓഫീസ് നടത്തിപ്പ്,നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ,ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും,സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/2019 | 01/11/2019 മുതൽ 30/11/2019 വരെ | 09/12/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ | 28/11/2018 മുതൽ | 2013-14 മുതൽ | 18/01/2019 |

| ഓഡിറ്റ് | 10/12/2018 വരെ | 2017-18 വരെ | |
|---|---|---|---|

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.ഡി.&ഒ. കളക്ഷൻ തുക വാർഷിക ധനകാര്യപത്രിക പ്രകാരവും ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. 2017-18 വർഷത്തെ അഡ്വാൻസ് കളക്ഷൻ തുക ഉൾപ്പെടുത്താതെയാണ് ഡി.സി.ബി.-യിൽ കളക്ഷൻ കാണിച്ചിരിക്കുന്നത്.

2.അടിസ്ഥാന അനുപാതങ്ങൾ പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3.Fixed Asset depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate of depreciation, book value of Asset, life time of Asset) ലഭ്യമാക്കിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.സ്ഥിര നിക്ഷേപത്തിൻമേലുള്ള പലിശ അക്കൌണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 തൊഴിൽനികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതിയും പ്രതിപാദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ (ആർ.ടി)1734/90/ത.ഭ.വ തീയതി 21-4-1990 നമ്പർ ഉത്തരവ് പ്രകാരം വികലാംഗരായ ജീവനക്കാർക്ക് തൊഴിൽനികുതി ഒഴിവാകുന്നതിനായി തൊഴിൽനികുതി റിട്ടേണുകളോടൊപ്പം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സൂചിപ്പിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് വർഷം തൊഴിൽനികുതി ഒഴിവാക്കിയ താഴെ പരാമർശിച്ച ജീവനക്കാരുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| | സ്ഥാപനം | | |
| 1 | ഗംഗാധരൻ, ആയുർവേദ ഡിസ്പെൻസറി,ന്യൂമാഹി | ഓഫീസ് അറ്റൻഡന്റ് | 2018-19<br>I,II<br>അർദ്ധവർഷം |
| 2 | സ്വപ്ന കെ, ഗവ. ഹോമിയോ ഡിസ്പെൻസറി,ന്യൂമാഹി | ഡിസ്പെൻസർ | 2018-19<br>II<br>അർദ്ധവർഷം |
| 3 | സലീം, ന്യൂ മാഹി ഗ്രാമപഞ്ചായത്ത് | സീനിയർ ക്ലർക്ക് | 2018-19<br>I,II<br>അർദ്ധവർഷം |
| 4 | പുഷ്പജ പി, കണ്ണൂർ ജില്ലാ കോ.ഓപ്പ് ബേങ്ക്,ന്യൂമാഹി | ബിൽ കലക്റ്റർ | 2018-19<br>I,II<br>അർദ്ധവർഷം |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/10.01.2020) ടി ജീവനക്കാരിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കേണ്ടതാണ്

2.താഴെ പറയുന്ന ജീവനക്കാരന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്<br>സ്ഥാപനം | തസ്തിക |
|---|---|---|
| 1 | ഉനൈസ് പി വി, എം.എം.യു.പി സ്കൂൾ, ന്യൂ മാഹി | എൽ.പി.എസ്.എ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/10.01.2020) മറുപടിയായി ടി കാലയളവിൽ സസ്പെൻഷനിൽ ആയതിനാലാണ് തൊഴിൽനികുതി ഈടാക്കാതിരുന്നതെന്നും ടി കാലയളവിൽ ടിയാൻ സാലറി കൈപ്പറ്റിയിട്ടില്ല എന്ന വിവരം ഹെഡ്മാസ്റ്ററിൽ നിന്നും രേഖാമൂലം എഴുതിവാങ്ങി പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കേണ്ടതായുള്ള വ്യക്തികളിൽ നിന്നും അവ ഈടാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം തൊഴിൽനികുതി റിട്ടേണുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

3.ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ് (ഇൻസ്റ്റിറ്റ്യൂഷൻ റജിസ്റ്റർ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/10.01.2020)

രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലീകമാക്കി സൂക്ഷിക്കേണ്ടതുമാണ്.

4.ഓഡിറ്റ് വർഷം താഴെ പരാമർശിച്ച സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഗ്യാലക്സി മോട്ടോർസ് ഇന്ത്യ ലിമിറ്റഡ് |

മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5.പഞ്ചായത്തിന്റെ പരിധിയിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കോൺട്രാക്റ്റർമാരിൽ നിന്ന് 2018-19വർഷം തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/10.01.2020)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-13 വസ്തുനികുതി അപാകങ്ങൾ

1)എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ്‌വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്

| ക്രമനം | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 1 | 2/53 | കെ.പി ശ്രീധരൻ | അനാദികച്ചവടം |
| 2 | 5/203 | കെ.ശ്രീധരൻ | അനാദികച്ചവടം |
| 3 | 6/252 | ഷാജഹാൻ | അനാദികച്ചവടം |
| 4 | 9/194 | ചാത്തോത്ത് അമ്മുകുട്ടിയമ്മ | അനാദികച്ചവടം |
| 5 | 12/152 | സി.എം ജലീൽ | മെഡിക്കൽ ലാബ് |
| 6 | 12/234 | കെ.രാജൻ | വർക്ക് ഷോപ്പ് |
| 7 | 13/226 | ടി.എ മനോഹരൻ | അനാദികച്ചവടം |

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 17/15.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനത്തിന്റെ വിവരം സഞ്ചയസോഫ്റ്റ്‌വെയറിൽ ലഭ്യമല്ല

| ക്രമനം | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 1 | 12/4 | കെ.വി മുരളീധരൻ | തോണിറിപ്പയർ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 17/15.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സഞ്ചയയിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ അവയെ കണ്ടെത്തി നികുതി ഈടാക്കുന്നതിനുള്ള അടിയന്തിരനടപടി കൈക്കൊള്ളേണ്ടതാണ്.

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 381സ്ഥാപനങ്ങൾ 2018-19 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 1138 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 1064 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 11 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ള ഷോപ്പിംഗ് മാളുകൾ | 17 |
| | |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 4 |
| ആശുപത്രികൾ | 3 |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 4 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 23 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 12 |
| ആകെ | 1138 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1138 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചവയാണ്. എന്നാൽ 381 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. വിവരാവകാശനിയമപ്രകാരം ടെൻസ് ഫാൻസി സൊലുഷൻസ്,സുസുക്കി ഷോറൂം എന്നീ സ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-15 എഫ്.ടി ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്.എന്നാൽ മേൽ ഉത്തരവ് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തീരുമാനം കൈകൊണ്ടിട്ടില്ല. ഭേദഗതി ചട്ടപ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടത് മൂലധനനിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2018-19 വർഷം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ അപേക്ഷയിലും ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടിലും മൂലധനനിക്ഷേപത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ

ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | 1/441 | കെ.വി രാജൻ | റേഷൻകട | 500 |
| 2 | 7/230 | എം.ജയപാലൻ | റേഷൻകട | 300 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(01/09.01.2020) മറുപടിയായി 31.10.2017 ലെ ജി.ഒ.(പി) 80/2017 ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് "Annual Licence fee that may be charged " എന്നാണ് പറഞ്ഞിരിക്കുന്നതെന്നും ആയതിനാലാണ് ചില സ്ഥാപനങ്ങൾക്ക് 500 രൂപയിൽ താഴെ ചുമത്തിയതെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കുന്നതിൽ ഏകീകൃത സമ്പ്രദായം നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2 ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലുള്ള താഴെപറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷം ലൈസൻസ് ഒടുക്കിയിട്ടില്ല.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 6/218 | ഡോ. മുഹമ്മദ് കുഡട | ശിഫാ ക്ലിനിക് |
| 2 | 10/253 | ഡോ.ടി പി സിറാജുദ്ദീൻ | സീനാ ഡെന്റൽ ക്ലിനിക് |

# 1-16 കൂട്ടിചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2014-15 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 6 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം അനുമതി നൽകിയ കെട്ടിടങ്ങളിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച കെട്ടിടങ്ങളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (17/15.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മുൻവർഷങ്ങളിലുൾപ്പെടെ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളെ ഫീൽഡ് തല പരിശോധന നടത്തി കണ്ടെത്തി അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 വാടക അപാകങ്ങൾ

2018-19 വർഷം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 24 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് അംഗീകൃത വാടകബൈലോ നിലവിലില്ല

13.08.1996 തീയതിയിലെ തീരുമാനം നമ്പർ 159/96 പ്രകാരം പഞ്ചായത്ത് കമ്മിറ്റി ഷോപ്പിംഗ് കോപ്ലക്സ് കരട് ബൈലോ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2. വാടകയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല

കെട്ടിടങ്ങൾ വർഷങ്ങളായി നിലവിലുള്ള വാടകക്കാർക്ക് തന്നെ നിശ്ചിത ശതമാനം(2018-19 വർഷം 5%) വാടക വർദ്ധനവ് വരുത്തി പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. വാടകക്കാരെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരങ്ങളോ വാടകക്കാരുമായി ചമച്ച കരാറിന്റെ വിവരങ്ങളോ വാടക പുതുക്കി നൽകുന്നതായി ഉടമസ്ഥർ സമർപ്പിച്ച അപേക്ഷയോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2018-19 വർഷം 10/145 നമ്പർ കെട്ടിടം ശ്രീ എൻ.എം സുധാകരൻ എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ മാനദണ്ഡം വ്യക്തമല്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃതമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

3. വാടക തുക കാലീകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വാടകഇനത്തിൽ തുച്ഛമായ തുകയാണ് ഈടാക്കി വരുന്നത് . ആയത് കാലീകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 വയോജനങ്ങൾക്ക് കട്ടിൽ - നിർവ്വഹണത്തിലെ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ഹാജരാക്കിയില്ല - 48,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങളിലെ 60 വയസ്സിന് മുകളിലുള്ളവയോജനങ്ങൾക്ക് കട്ടിൽ |
| പ്രോജക്ട് നം | 14/19 |
| അടങ്കൽ | 48,000/- വികസനഫണ്ട് എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ആകെ ചെലവ് | 48,000/- |
| ബിൽനം | 3/27.10.2018 - 48,000/- |

ജി.ഒ(എം.എസ്)22/18തസ്വഭവ.തീ.14.02.2018ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.13(2)പ്രകാരം 60 വയസ്സ് കഴിഞ്ഞവയോജനങ്ങൾക്ക് നിശ്ചിത അളവിലും വലിപ്പത്തിലുമുള്ള കട്ടിൽ നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് തൻവർഷം വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ജെ.കെ.ഫർണിച്ചർ, തേർത്തല്ലി എന്ന സ്ഥാപനത്തിൽ നിന്നും 3200/-രൂപ വിലവരുന്ന കട്ടിൽ വാങ്ങി 15 പേർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

ടെണ്ടർ നോട്ടീസിൽ ഫസ്റ്റ് ക്വാളിറ്റി മഹാഗണിമരത്തിൽ നിർമ്മിച്ച കട്ടിൽ സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ തന്നെ വിതരണം ചെയ്യണം എന്ന പറയുന്നുണ്ടെങ്കിലും വിതരണം ചെയ്ത ഇനത്തിന്റെ ബില്ലിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ ഒന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല.കട്ടിൽ ഏത് മരത്തിൽ പണിതതാണെന്ന് വ്യക്തമല്ല. കൂടാതെ ബില്ലിൽ ജി.എസ്.ടി വിവരങ്ങൾ ഒന്നും ഇല്ല.

വാങ്ങിച്ച ഇനങ്ങളുടെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ജി.ഒ.(പി )259/10 തസ്വഭവ തീ.08.11.2010 ഉത്തരവ് പ്രകാരം 25,000/-രൂപക്ക് മേൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് കുറഞ്ഞത് 5 പേരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിക്കേണ്ടതാണ്.എന്നാൽ 2 സ്ഥാപനങ്ങളിൽ നിന്നും മാത്രമേ ടെണ്ടർ ലഭ്യമാക്കിയിട്ടുള്ളൂ.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണത്തിൽ വന്ന വിവിധ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും മേൽ പറഞ്ഞവിഷയങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 48,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-19 ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ പ്രോജക്ട് നടപ്പാക്കി - 52,083 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : 106/19 റിംഗ് കമ്പോസ്റ്റ്

അടങ്കൽ : 13,05,000/-

ചെലവ് : 52,458/- (വി.ഫ)

ബിൽ നമ്പർ : 04/18-19/30.08.2018

നിർവഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 139 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അവകാശം ഗ്രാമസഭകൾക്ക് മാത്രമാണെന്നിരിക്കേ ഗ്രാമസഭയുടെ അംഗീകാരമുള്ള ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെയാണ് ആനുകൂല്യം നൽകിയത്. ഇത് ക്രമവിരുദ്ധമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി നൽകേണ്ട 52,083/- രൂപയ്ക്ക് പകരം 52,458/- (375 രൂപ അധികം) രൂപയാണ് നിർവഹണ ഏജൻസിയായ റെയ്ഡ്കോയ്ക്ക് അനുവദിച്ചത്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 52,083 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളെ നിർണയിച്ചതിൽ അപാകങ്ങൾ - 70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : 85/19 വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ : 70,000/- (വികസന ഫണ്ട്)

ചെലവ് : 70,000/-

ബിൽ നമ്പർ : 05/18-19/23.11.2018

നിർവഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 22 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. 58 പേർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിലെ ക്രമനമ്പർ 39, 42, 57 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിക്കാണുന്നു. ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. കൂടുതൽ അവശതയനുഭവിക്കുന്നവരായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ മുൻഗണന നിശ്ചയിച്ചതെന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. ഇത് ശരിയായ നടപടിയല്ല. കൃത്യമായ അർഹതയുടെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, പഞ്ചായത്ത് ഭരണസമിതിയുടെ 11.01.2019 – ലെ 2(6)/19 നമ്പർ തീരുമാനപ്രകാരം 5 ഗുണഭോക്താക്കളെ മേൽ ലിസ്റ്റിൽ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അവകാശം പൂർണ്ണമായും ഗ്രാമസഭയ്ക്ക് മാത്രമാണ്. ഇപ്രകാരം കൂട്ടിച്ചേർത്ത ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കിയിട്ടില്ല. സാധൂകരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 70000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വാൾ പെയ്ന്റിംഗ് - നടപടിക്രമങ്ങൾ

## പാലിച്ചില്ല - 20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : 45/19 ഒന്നാം തരം ഒന്നാന്തരം

അടങ്കൽ : 1,28,300/- (വിവിധ ഫണ്ടുകൾ)

ചെലവ് : 1,25,500/-

ബിൽ നമ്പർ : 04/18-19/23.03.2019

05/18-19/23.03.2019

നിർവഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

മേൽ പ്രോജക്ടിന്റെ ഭാഗമായി ഒന്നാം ക്ലാസിൽ വാൾ പെയ്ന്റിംഗ് നടത്തിയതിന് 20000/- രൂപ ആർ.ബി.എം അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പെയിന്റിംഗ് നടത്തിയ പ്രതലത്തിന്റെ വിസ്തീർണം, നിരക്ക്, വാല്യുവേഷൻ എടുത്തതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചതുരശ്ര അടിക്ക് 115/- രൂപ നിരക്കിൽ 175 ചതുരശ്ര അടിയിൽ പെയിന്റിംഗ് നടത്തിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 നിർഭയ പ്രോജക്ട് - നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ടിന്റെ പേര് : 95/19 നിർഭയ പ്രോജക്ട് മൂന്നാം ഘട്ടം

അടങ്കൽ : 81,000/- (ത.ഫ)

ചെലവ് : 36,000/-

ചെക്ക് നമ്പർ : 02007071/22.02.2019

നിർവഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പെൺകുട്ടികളിൽ കായിക പ്രതിരോധ ശേഷി വളർത്തുന്നതിന് തയ്ക്കോണ്ടോ പരിശിലനം നടത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.സാമൂഹ്യ നീതി വകുപ്പിന്റെ 05.09.2014 -ലെ 568/2014 നമ്പർ ഉത്തരവ് പ്രകാരം ഇത്തരം പരിശീലനങ്ങളിൽ മുഴുവൻ വിദ്യാലയങ്ങൾക്കും പങ്കാളിത്തം നൽകേണ്ടതാണ്. എന്നാൽ ഒരു എയ്ഡഡ് ഹൈസ്കൂളിനെ മാത്രമാണ് പ്രോജക്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

2.ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്താണ് ഏറ്റെടുക്കേണ്ടത്. സമാനമായ പ്രോജക്ട് ജില്ലാപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല.

അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-23 വായനാ കോർണർ - ആനുകാലികങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല

പ്രോജക്ടിന്റെ പേര് : 43/19 വിദ്യാലയങ്ങളിൽ വായനാകോർണർ

അടങ്കൽ : 40,000/- (35,000 വികസന ഫണ്ട്, 5,000 തനത് ഫണ്ട്)

ചെലവ് : 35,360/-

ബിൽ നമ്പർ : 02/18-19/05.09.2018

ഗ്രാമപഞ്ചായത്തിലെ 13 വിദ്യാലയങ്ങളിൽ പത്രങ്ങളും ആനുകാലികങ്ങളും നൽകുന്നതിനാണ് ഹെഡ് മാസ്റ്റർ മുഖേന മേൽ പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പത്രങ്ങളും ആനുകാലികങ്ങളും സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി)177/2006 ധന തീയതി 12.04.2006 പ്രകാരം വികസനഫണ്ടിൽ നിന്നും ഇങ്ങനെയുള്ള മുൻകൂർ നൽകൽ അനുവദനീയമല്ല.

2.വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച രസീതുകൾ പ്രകാരം ചില സ്ഥാപനങ്ങൾക്ക് യുറീക്ക ദ്വൈവാരിക, മാതൃഭൂമി ദിനപത്രം എന്നിവ ലഭിച്ചിട്ടില്ല. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുന്നതിനോ ക്രമീകരിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-24 ടെണ്ടർ കുറവ് - നിരക്ക് കുറവ് ചെയ്തില്ല - 692/-രൂപ തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൊമ്മത്ത് പീടിക ഈചിയിൽ റോഡ് റീടാറിംഗ് |
| പ്രോജക്ട് നം | 113/19 |
| അടങ്കൽ | 4,00,000/-(395000- മെ.ഫ.റോഡ് ,5000 തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| | |

| | |
|---|---|
| ആകെ ചെലവ് | 343712/- മെ.ഫ.റോഡ്<br>ബിൽ.നം.09/18.08.2018 |
| കരാർ നം.തീ. | 13/1-18 തീ.23.11.2017 |
| സ്ഥലം കൈമാറ്റം | അനിൽ.പി. |
| ആകെ പ്രവൃത്തി മൂല്യം | 346092/- |
| ടെണ്ടർ കുറവ് | 0.2% |

മേൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ 0.2% കുറവ് രേഖപ്പെടുത്തിയാണ് കരാറെടുത്തിട്ടുള്ളത്.പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 346092/- രൂപയാണ്.എന്നാൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ 0.2% കുറവ് ചെയ്യാതെയാണ് തുക നൽകിയത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 15-01-2020)മറുപടിയായി തുക തിരിച്ചടക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യമായ 346092/-രൂപയുടെ 0.2% തുകയായ 692/-രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 1-25 പാലിന് സബ്സിഡി - അപാകങ്ങൾ

പ്രോജക്ട് നം-- 148/ 18-19 (പാലിന് സബ്സിഡി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

അടങ്കൽ --- വികസന ഫണ്ട് (പൊ.വി)-₹ 140000 .

ആകെ ---- ₹ 140000

ചെലവ്--- ₹ 139981

ബിൽ നം --p7/ 18-19 / 15-02-19 ₹ 86134

ബിൽ നം --p8/ 18-19 / 21-02-19 ₹ 53847

പഞ്ചായത്ത് അംഗീകരിച്ച തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം മുഖേന പാലളക്കുന്ന 23 ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് . ക്ഷീരസംഘത്തിൽ ഒരു വർഷം അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ നിരക്കിൽ ക്ഷീര വ്യവസായ സഹകരണ സംഘം സെക്രട്ടറിമാർ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ₹40000 രൂപയും ക്ഷീരസംഘത്തിൽ അല്ലാതെ പാൽ വിൽക്കുന്നവർക്ക് പാൽ ഉത്പാദനത്തിന് ആനുപാതികമായി വെറ്റിനറി സർജന്റെ സാക്ഷ്യപത്രം പ്രകാരം 15000 രൂപ വരെ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അനുവദിക്കാവുന്നതാണ് . പദ്ധതി പ്രകാരം 12 പേർക്ക് തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം നൽകിയ സാക്ഷ്യപത്രത്തിന്റെ യും 11 പേർക്ക് വെറ്റിനറി സർജൻ നൽകിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്.

ക്ഷീരസംഘത്തിൽ പാലളക്കാത്ത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്തതും അപേക്ഷ സമർപ്പിക്കാത്തതുമായ കുമാരൻ താഴെ പൊയിൽ താഴെ കുനിയിൽ എന്ന ഗുണഭോക്താവിന് ധനസഹായം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/10-01-2020) നൽകിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ-16 ശ്രീമതി. നളിനി .ടി.പി യുടെ ഭർത്താവിന്റെ അക്കൌണ്ടിലേക്കാണ് തുക അനുവദിച്ചതെന്നാണ് വിശദമാക്കിയത് . ഗുണഭോക്താവിന്റെ എക്കൗണ്ടിലേക്ക് ആനുകൂല്യം നൽകുന്നതിന് പകരം കുടുംബാംഗത്തിന്റെ എക്കൗണ്ടിലേക്ക് നൽകുന്നത് തെറ്റായ നടപടി യായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മുട്ടക്കോഴിയും കൂടും - ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, |
| പ്രോജക്റ്റ് | മുട്ടക്കോഴിയും കൂടും |
| പ്രോജക്റ്റ് നം | 50 /18-19 |
| അടങ്കൽ | 80000(വികസന ഫണ്ട് )<br><br>200000 (ഗുണഭോക്തൃ വിഹിതം) |
| ആകെ | 280000 |
| ചെലവ് | 78000 (വികസന ഫണ്ട് )<br><br>200000 (ഗുണഭോക്തൃ വിഹിതം)<br><br>278000<br><br>1.ബിൽ നമ്പർ-പി9/18-19,21-02-19 ₹ 78000<br><br>2. ചെക്ക് നമ്പർ-02003740 ,13-02-19₹200000 |

പദ്ധതി പ്രകാരം വനിത കർഷകർക്ക് 10 മുട്ടക്കോഴികളെയും കൂടും നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത് . മേൽ കാണിച്ച ബില്ലുകൾ പ്രകാരം മാറിയ തുക 40 വനിത കർഷകർക്ക് 50% സബ്സിഡി നിരക്കിൽ 10 മുട്ടക്കോഴികളെയും 25% സബ്സിഡി നിരക്കിൽ കൂട് വിതരണം ചെയ്യുന്നതിനാണ് തുക വിനിയോഗിച്ചിരിക്കുന്നത് . പദ്ധതിയുടെ ഫയൽ,രജിസ്റ്ററുകൾ ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1)10 പേരടങ്ങുന്ന 4 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും 40 വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് സബ്സിഡി നൽകിയിരിക്കുന്നത് . ഗ്രൂപ്പുകളുടെ വിവരം ലഭ്യമല്ല .

2)അപേക്ഷകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല .

3)ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്കിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല .

4) വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ-10/10-01-2020) സമർപ്പിച്ച മറുപടിയിൽ ഗ്രൂപ്പിലെ അംഗങ്ങൾ തന്നെയാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതെന്നും ഗ്രാമസഭയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്നും മാർക്ക് രേഖപ്പെടുത്തിയ ലിസ്റ്റ് ലഭിക്കാത്തത് കൊണ്ടാണ് ഹാജരാക്കാത്തതെന്നും മാർക്ക് മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

സഉ(എംഎസ്) 11/18/തസ്വഭവ തീയതി 29-01-18 ഖണ്ഡിക 11-3(3)മുതൽ (15) വരെയുള്ള വ്യവസ്ഥകൾ പ്രകാരം അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണമെന്നും അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് മിനുട്സിൽ തീരുമാനം രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. . എന്നാൽ ഗ്രാമസഭ മിനുട്ട്സിൽ ഗുണഭോക്താക്കളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തിയത് അടിസ്ഥാന തത്വങ്ങളുടെ ലംഘനമാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ അതേപ്പടി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു .

# 1-27 തെരുവ് വിളക്ക് മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും - അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | തെരുവ് വിളക്ക് മെയിന്റനൻസും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും |

| | |
|---|---|
| പ്രോജക്റ്റ് നം | 110 /18-19 |
| അടങ്കൽ | ₹ 59749 (ധനകാര്യ കമ്മിഷൻ ഗ്രാന്റ് )<br>₹ 163051 (തനത് ഫണ്ട് ) |
| ആകെ | 222800 |
| ചെലവ് | ₹ 59749 (ധനകാര്യ കമ്മിഷൻ ഗ്രാന്റ് )<br>₹ 163051 (തനത് ഫണ്ട് )<br>222800 |
| | 1.ബിൽ നമ്പർ- 33/18-19, 04-02-19 ₹59749<br>2. ചെക്ക് നമ്പർ- 02007072 , 22-02-19 ₹119051 |

പദ്ധതി പ്രകാരം ലഭിച്ച രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലിതീഷ്.കെ.കെ,പവർലാബ് ഇലക്ട്രിക്കൽസ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു.

15/25 w cfl 532 എണ്ണം , 11 W * 2 cfl 97 എണ്ണം വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ, വിവിധ വിളക്കുകളുടെ നിരക്ക് ,എണ്ണം എന്നിവ ഇനം തിരിച്ച് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല .

2. വാർഡ് അംഗങ്ങളുടെ സാക്ഷ്യപത്രം പ്രകാരം വിളക്കുകൾ റിപ്പയർ ചെയ്തതായി പറയുന്നുണ്ടെങ്കിലും റിപ്പയർ ചെയ്ത വിളക്കുകൾ എത്രയെന്ന് കരാറുകാരൻ അറിയിച്ചിട്ടില്ല.

3 . പരാതി രജിസ്റ്ററിൽ പരാതികൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല .

4. റിപ്പയർ ചെയ്യുന്ന മുറയ്ക്ക് ആനുപാതികമായി മാത്രമേ തുക നൽകാവൂ എന്നിരിക്കേ ഒറ്റതവണയായി മുഴുവൻ തുകയും വർഷാവസാനം നൽകുകയാണ് ചെയ്തത്.

5 . വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ കെ എസ് ഇ ബി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

7 . സ്പെയർ പാർട്ട് എത്ര എണ്ണം മാറ്റി, പുതിയത് എത്ര വച്ചു ,ഗുണനിലവാരം ഉള്ളതാണോ, അഴിച്ചുമാറ്റിയസ്പെയർ പാർട്ട് പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചത് എന്നിവയുടെ കണക്ക് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനായി 11/10-01-2020 ന് നൽകിയ എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും

വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ കെ.എസ്.ഇ.ബി. സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. 15-09-2011 ലെ 3055/ഡി.എ3/2011 ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 എ എം സി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

എൻകോർ മാർക്കറ്റിംഗ് കോഴിക്കോട് എന്ന സ്ഥാപനമാണ് RICOH Mp 2014D നമ്പർ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ സർവ്വീസ് & മെയ്ന്റനൻസ് കരാർ ഏറ്റെടുത്തിട്ടുള്ളത്. വാറണ്ടി കാലയളവിന് ശേഷം പിഴവുകളില്ലാത്ത സേവനത്തിന് വേണ്ടിയാണ് വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാറിൽ ഏർപ്പെടുന്നത് . പഞ്ചായത്തിൽ ഇതിനായി ഹാർഡ് വേർ രജിസ്റ്റർ & കംപ്ലയിന്റ് കാൾ ലോഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് . വൗച്ചർ നമ്പർ-21800092,05-05-18 പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഡ്രം , ബ്ലേഡ് എന്നിവ മാറ്റി സ്ഥാപിച്ച വകയിൽ 5619 രൂപയും വൗച്ചർ നമ്പർ- 21800247 ,21-07-18 പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ലാൻ കാർഡ് മാറ്റി സ്ഥാപിച്ച വകയിൽ 13500 രൂപയും മേൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട് . എന്നാൽ സാമഗ്രികളുടെ അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ൽ രേഖപ്പെടുത്തുന്നില്ല . രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

# 1-29 സ്റ്റോക്ക് രജിസ്റ്ററിൽ വിതരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും താഴെ കൊടുത്ത വൗച്ചർ തുകയ്ക്ക് ഫോറങ്ങളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവയോരോന്നിനും ഓരോ പേജ് നീക്കിവെച്ച് വിതരണവിവരമുൾപ്പെടെയുള്ള വിവരങ്ങൾ കാണിക്കേണ്ടതുണ്ടെങ്കിലും ലഭിച്ച എണ്ണം മാത്രം സ്റ്റോക്ക് രജിസ്റ്ററിലെ 58,72,73, പേജുകളിൽ ഒന്നിനു പിറകെ ഒന്നായി രേഖപ്പെടുത്തിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21800245, 20-07-18 | ₹ 26672 |
| 21800739,28-01-19 | ₹ 55071 |

സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

# 1-30 ശുചിത്വമിഷൻ ഫണ്ട്- വിനിയോഗ സാക്ഷ്യപത്രം ,ചെലവ് രേഖകൾ എന്നിവയുടെ അഭാവത്തിൽ 10000രൂപയുടെ ചെലവ് തടസ്സപ്പെടത്തുന്നു.

വൗച്ചർ നമ്പർ 218008022/26-02-19 ₹ 130000രൂപ- ശുചിത്വമിഷൻ ഫണ്ട്

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്ന് ലഭ്യമായ 130000രൂപ13 വാർഡുകളിലെ ശുചിത്വ പോഷക കമ്മറ്റി കൺവീനർമാർക്ക് നൽകുന്നതിന് വേണ്ടി (13* @ 10000) മേൽ വൗച്ചർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (ചെക്ക്നമ്പർ-02007075,26-02-19). പ്രസ്തുത തുകയുടെ വിനിയോഗ രേഖകളും വരവ് ചെലവ് സംക്ഷിപ്തവും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/ 16-01-2020) 11 വാർഡുകളുടെ വാല്വവേഷൻ റിപ്പോർട്ട്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയെങ്കിലും 1 വാർഡിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല . രേഖകളുടെ അഭാവത്തിൽ വാർഡിന് നൽകിയ ₹10000 തടസ്സപ്പെടുത്തുന്നു . പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം , ചെലവ് രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ് .

# 1-31 പാർട്ട് ടൈം തസ്തികയിൽ നിയമനം- സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസ് ശുചീകരണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ (പാർട്ട് ടൈം സ്വീപ്പർ) @ ₹ 250 / ദിവസം എന്ന നിരക്കിൽ ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട് . പഞ്ചായത്തിൽ നിലവിൽ പാർട്ട് ടൈം സ്കാവഞ്ചർ തസ്തികയിൽ 2 ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട് . ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറുടെ അംഗീകൃത തസ്തികകളുടെ എണ്ണം , ശുചീകരണ തൊഴിലാളിയുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനം , അംഗീകൃത തസ്തികയിലല്ലാതെ ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളിയെ നിയമിക്കുന്നതിനു മുമ്പ് സർക്കാർ അനുമതി തേടി യതിന്റെയും ഇപ്പോൾ ജോലി ചെയ്ത് വരുന്ന പാർട്ട് ടൈം സ്കാവഞ്ചർ തൊഴിലാളികളുടെ ശുചീകരണ ഏറിയ നിശ്ചയിച്ചതിന്റെയും വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-21 15-01-2020 ) ലഭിച്ച മറുപടിയിൽ സർക്കാർ അനുമതി ലഭിക്കാതെയാണ് ഒഴിവില്ലാത്ത തസ്തികയിൽ ഭരണസമിതി തീരുമാനം പ്രകാരം ഓഫീസ് ശുചീകരണത്തിനായി നിയമനം നടത്തിയതെന്ന് വിശദീകരിച്ചത്. ദിവസ / കരാർ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും അവർക്കുള്ള വേതനം സംബന്ധിച്ചും ജി.ഒ (പി) നം.28/2016/ധന/26-02-16 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. നിയമനത്തിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 ശമ്പള കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ

2016 – ലെ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ 01-07-2014 മുതൽ 31-01-2016 വരെയുള്ള കാലയളവിലെ ശമ്പളക്കുടിശ്ശികയുടെ രണ്ടു ഗഡുക്കൾ 2018-19 കാലയളവിൽ താഴെ പറയുന്ന ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട് .

പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാരായ ശ്രീമതി .വത്സല . ടി ,ശ്രീ. പ്രശാന്തൻ എന്നിവർ പണിമുടക്കിൽ പങ്കെടുത്തതിനാൽ 12-01-2016 ലെ സമരം ഡെയ്സ്നോൺ ആയതിനാൽ ശമ്പളം അനുവദിച്ചിരുന്നില്ല. എന്നാൽ കുടിശിക നൽകുമ്പോൾ മുഴുവൻ തുകയും ഡ്യൂ ആയി കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/15-10-2020) കുടിശിക അനുവദിച്ചത് പരിശോധിച്ച് അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

# 1-33 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകുന്നു.

ന്യമാഹി ഗ്രാമ പഞ്ചായത്ത് മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങളായിട്ടും നാളിതു വരെ അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യപ്പെടാതെ തുടർന്നും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| മാധവൻ നായർ | 360572317374 | 20-03.2018 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| നാണി.ടി | 627218550742 | 11.06.2018 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതു വരെ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല |

| | | | |
|---|---|---|---|
| | | | .മസ്റ്ററിംഗ് നടത്താത്തത് കൊണ്ട് തടഞ്ഞ് വെച്ചിരിക്കുന്നു. |
| കൌസു.എൻ | 669645150612 | 02-06-18 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടുണ്ട് |
| നാണു.കെ.കെ | 283081720801 | 11.07.2018 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടുണ്ട്. |
| ആയിഷ.കെ.വി | 769748229415 | 05-07.2018 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതു വരെ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടില്ല |
| നാരായണി ചേലോട്ട് | 400534975674 | 03.09.2018 | 8/2018 മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നാണ് സേവനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നാളിതു വരെ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടില്ല |
| ലക്ഷ്മി.കെ.കെ | 422069968745 | 16.09.2018 | 8/2018 മുതൽ എക്കൌണ്ട് ഇല്ലാത്തത് കൊണ്ട് തുക നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് സേവനയിൽ കാണുന്നത്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടില്ല. |
| വി.സി അബൂബക്കർ | 213750626903 | 28.10.2018 | 7/2019 വരെയുള്ള മാസങ്ങളിലെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടില്ല. മസ്റ്ററിംഗ് നടത്താത്തത് കൊണ്ട് |

| | | | |
|---|---|---|---|
| | | | തടഞ്ഞ് വെച്ചിരിക്കുന്നു എന്നും സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സുബൈർ.എ.പി | 386085727876 | 01-12-2018 | 7/2019 വരെയുള്ള മാസങ്ങളിലെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല. മസ്റ്ററിംഗ് നടത്താത്തത് കൊണ്ട് തടഞ്ഞുവെച്ചിരിക്കുന്നു എന്നും സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| പുരുഷോത്തമൻ.കെ.കെ | 902581495442 | 12-12-2018 | 8/2018 മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നാണ് സേവനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നാളിതു വരെ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല |

പെൻഷൻ നേരിട്ട് ലഭിച്ചിരുന്ന (Direct Home)മരണപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നില്ലെങ്കിലും പെൻഷൻ സ്റ്റാറ്റസ് സേവന സോഫ്റ്റ് വെയറിൽ ആക്ടീവ് ആണ്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് ക്ലെയിം സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം നിർവ്വഹിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/15-01-2020 ന് പെൻഷൻ മസ്റ്ററിംഗ് നടത്താത്തവരുടെ വാർഡ്തല ലിസ്റ്റ് പരിശോധിച്ച് മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് .

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15-07-19 മുതൽ 16-07-19 വരെ | കെ.എസ്.എ/.കെ.എൻ.ആർ/ സി.7/1304/2019.തീയതി: 16.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 25000 | ഒന്നാം തരം ഒന്നാംതരം | 25000 | 0 |
| | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 99207 | 793 |
| | 65000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 65000 | 0 |
| | 846716 | ലൈഫ് ഭവന നിർമ്മാണം | 846716 | 0 |
| | 850000 | പി.എച്ച്.സി നവീകരണം | 514059 | 335941 |
| | 15000 | അഗതി രഹിത കേരളം | 0 | 15000 |
| | 44200 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 44200 | 0 |
| | 10000 | ക്യാൻസർ ക്യാമ്പ് | 9713 | 287 |
| | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 266090 | ലൈഫ് ഭവന നിർമ്മാണം | 266090 | 0 |
| | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 199987 | 13 |
| | 26000 | ക്യാൻസർ ക്യാമ്പ് | 8630 | 17370 |
| | 65000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 65000 | 0 |
| | 5000 | ഒന്നാം തരം ഒന്നാംതരം | 2200 | 2800 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ - (KURDFC) | - | 154000 | 0 | 0 | 0 | 154000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1608791 |
| തൻവർഷം നിക്ഷേപിച്ച തുക | 135897 |
| ആകെ | 1744688 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1744688 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർട്ടൂറിസം ഡവലപ്പ്മെന്റ് കോഓപ്പറേറ്റീവ്സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 189/8-10-2004 | 10000 |

| | |
|---|---|
| തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ,ന്യൂമാഹി ബ്രാഞ്ചിലെ 005001077443 നമ്പർ | 17,34,688 |
| ആകെ | 17,44,688 |

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 1,83,137/- രൂപയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 31(എ) | 106400 | ശ്രീമതി സി.പി ദുർഗ്ഗ | 118120500002/24.04.18,<br>118120500003/10.05.18,<br>118120500005/11.06.18,<br>118120500006/09.07.18,<br>118120500008/03.08.18,<br>118120500013/06.09.18,<br>118120500017/22.10.18,<br>118120500018/22.10.18,<br>118120500019/22.10.18 |
| | 31(ബി) | 5843 | | 118020103101/17.12.18 |
| | 31(ഇ) | 21220 | | 118020103102/17.12.18 |
| | 31(എഫ്) | 6222 | | 118020103103/17.12.18 |
| | 38(എ) | 3487 | | 118020103104/17.12.18 |
| | 38(ബി) | 2615 | | 118020103105/17.12.18 |
| | 38(സി) | 2800 | | 118020103106/17.12.18 |
| | 39(എ) | 863 | | 118020103107/17.12.18 |
| 1997-98 | 36 | 13526 | ശ്രീമതി സി.പി ദുർഗ്ഗ | 118020103097/17.12.18 |
| | 40(2) | 4512 | | 118020103098/ 17.12.18 |
| | 42(7) | 581 | | 118020103099/17.12.18 |
| | 44(ബി) | 1848 | | 118020103100/17.12.18 |
| 2005-06 | 2(1) | 43 | ശ്രീ ഷറഫുദ്ദീൻ | 118020103644/24.01/19 |
| 2006-07 | 3(17) | 2532 | ശ്രീമതി ദേവകി | 118020103970/15.02.19 |
| 2011-12,12-13 | 2(11) | 3750 | ശ്രീ ഷറഫുദ്ദീൻ | 118020104087/22.02.19 |

| | | | | |
|---|---|---|---|---|
| | 2(11) | 500 | ശ്രീമതി വസുമതി | 118020104194/27.02.19 |
| 2009-10 | 3(6) | 48 | കൃഷി ഓഫീസർ | 118020104216/27.02.19 |
| 2013-14,14-15 | 3(17) | 6097 | ശ്രീ മുഹമ്മദ് കുഞ്ഞി | 118020104563/18.03.19 |
| 2013-14,14-15 | 2(4) | 250 | ശ്രീ സി.ടി അഷ്റഫ് | 118020104216/19.03.19 |
| | ആകെ | 183137 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31(എ) | 2002-03 | VII-13 | പൊതുമരാമത്ത് അപാകത | ലഭ്യമല്ല |
| 2014-15 | 2-5 | 2016-17 | 2 അനുബന്ധം – 4 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട് |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43319966 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34542486 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 692 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200083 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 692 | ശ്രീ. സന്തോഷ് പി.,<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 48000 | ശ്രീമതി.സവിത എം,അസി.സെക്രട്ടറി |
| 1-19 | 52083 | ശ്രീ.ഷാജി പി കെ,വി.ഇ.ഒ |
| 1-20 | 70000 | ശ്രീമതി ഉഷ വി.പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-21 | 20000 | ശ്രീമതി.വനജ.പി,ഹെഡ് മാസ്റ്റർ |
| 1-30 | 10000 | ശ്രീ.സതീഷ് ബാബു പി കെ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സവിത എം,അസി.സെക്രട്ടറി | ഉള്ളിയേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് | കല്യാണി, മമ്പറം പി.ഒ, പിണറായി |
| ശ്രീ.ഷാജി പി കെ,വി.ഇ.ഒ | ഇരിട്ടി ബ്ലോക്ക് | റംലാസ് കോട്ടേജ്, കോടിയേരി |
| ശ്രീമതി.വനജ.പി,ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | വളപ്പില് ഹൌസ്, തലായി, ടെംമ്പിള് ഗേറ്റ്, |

| | | |
|---|---|---|
| | | തലശ്ശേരി |
| ശ്രീ.സതീഷ് ബാബു പി കെ,സെക്രട്ടറി | നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് | സ്നേഹതീരം, നിടുബ്രം |
| ശ്രീമതി ഉഷ വി.പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | മുല്ലപ്രം ഹൗസ്, അണ്ടല്ലൂർ, പാലയാട് |
| ശ്രീ. സന്തോഷ് പി., അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | പുനത്തുമ്മൽ ഹൗസ്, കരിയാട് സൗത്ത്. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 5 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 8 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 4 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 3 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി-7/789/19 തീ.17.09.2019 | 1 |
| | | |

| | | |
|---|---|---|
| 2011-12,<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/<br>സി-7/789/19 തീ.17.09.2019 | 2 |
| 2013-14,<br>2024-15 | കെ.എസ്.എ/കെ.എൻ.ആർ/<br>സി-7/789/19 തീ.17.09.2019 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/<br>സി-7/789/19 തീ.17.09.2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/<br>സി-7/789/19 തീ.17.09.2019 | 12 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/<br>സി-7/201/19 തീ.24.03.2019 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ./കെ.എൻ.ആർ./സി.7/90/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 29.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| New Mahe Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8741022.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 676680.00 |
| 130000000 | Rental income from Panchayat Properties | RP-3 | 39423.00 |
| 140000000 | Fees & User Charges | RP-4 | 6658067.00 |
| 150000000 | Sale & Hire Charges | RP-5 | 19600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22561787.00 |
| 171000000 | Interest Earned | RP-9 | 193964.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4423215.00 |
| 350000000 | Other Liabilities | RP-36 | 110514.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 119299.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 184953.00 |
| 311000000 | Earmarked Funds | RP-29 | 32688.00 |
| 330000000 | Secured Loans | RP-32 | 1540000.00 |
| 340000000 | Deposits Received | RP-34 | 80768.00 |
| 350000000 | Other Liabilities | RP-36 | 144291.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 6509968.00 |
| 460000000 | Loans, Advances and Deposits | RP-47 | 24749.00 |
| | Grand total | | 52060988.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2994604.00 |
| 220000000 | Administrative Expenses | RP-12 | 747723.00 |
| 230000000 | Operations & Maintenance | RP-13 | 716481.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2674756.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11347935.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2615056.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 420000.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 147840.00 |
| 255000000 | Maintenance Projects | RP-20 | 3071521.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -656.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 313465.00 |
| 350000000 | Other Liabilities | RP-36 | 4584416.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 80468.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 25450.00 |
| 350000000 | Other Liabilities | RP-36 | 1798262.00 |
| 410000000 | Fixed Assets | RP-38 | 596234.00 |
| 412000000 | Capital work in Progress | RP-40 | 1292239.00 |
| 460000000 | Loans, Advances and Deposits | RP-47 | 613192.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17446655.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 71847.00 |
| | Grand Total | | 52060988.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| New Mahe Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3255240.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 740334.00 |
| 140000000 | Fee & User Charges | I-4(b) | 6955467.00 |
| 150000000 | Sale & Hire Charges | I-5(b) | 19600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 58589812.00 |
| 171000000 | Interest Earned | I-8 | 193964.00 |
| 180000000 | Other Income | I-9 | 401327.00 |
| | Total Income | | 70155744.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9303899.00 |
| 220000000 | Administrative Expenses | I-11(b) | 747723.00 |
| 230000000 | Operations & Maintenance | I-12(b) | 759298.00 |
| 240000000 | Interest & Finance Charges | I-13 | 80468.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2754258.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15618507.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3120461.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 420000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under | I-14(d) | 27818240.00 |

| | | | |
|---|---|---|---|
| | Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 3071521.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 2408114.00 |
| | Total Expenditure | | 66602489.00 |
| | Gross Surplus/ Deficit of income over Expenditure | | 3553255.00 |
| 280000000 | Prior Period Item | I-18 | 260259.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3292996.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| New Mahe Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18372462.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 64725.00 |
| 312000000 | Reserves | B-3 | 22619597.00 |
| | Total Reserve & Surplus | | 41056784.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2280333.00 |
| | Total Grants, Contributions for Specific Purposes | | 2280333.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 1540000.00 |
| | Total Loans | | 1540000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 502452.00 |
| 350000000 | Other Liabilities | B-9 | 784303.00 |
| | Total Current Liabilities and Provisions | | 1286755.00 |
| | TOTAL LIABILITIES | | 46163872.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 31677636.00 |
| 411000000 | Accumulated Depreciation | B-11 | -5485132.00 |
| 412000000 | Capital Work in Progress | B-11(a) | 514059.00 |
| | Total Fixed Assets | | 26706563.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1608791.00 |
| | Total Investments | | 1608791.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 22873.00 |
| 450000000 | Cash and Bank Balance | B-17 | 17518502.00 |
| 460000000 | Loans, Advances and Deposits | B-18 | 307143.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.